# മഹാത്മാ ഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം-686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702


2019 ഫെബ്രുവരി 25

# വാർത്താക്കുറിപ്പ്

**പ്രാക്ടിക്കൽ**

2018 ഡിസംബറിൽ തൃപ്പൂണിത്തുറ ആർ.എൽ.വി. കോളേജിൽ നടത്തിയ ഒന്നാം സെമസ്റ്റർ ബി.എ. ചെണ്ട, മദ്ദളം സി.ബി.സി.എസ്. (2018 അഡ്മിഷൻ റഗുലർ/2017 അഡ്മിഷൻ റീഅപ്പിയറൻസ്), സി.ബി.സി.എസ്.എസ്. (2013-2016 അഡ്മിഷൻ റീഅപ്പിയറൻസ്/സപ്ലിമെന്ററി) പരീക്ഷയുടെ പ്രാക്ടിക്കൽ യഥാക്രമം ഫെബ്രുവരി 27, 28, മാർച്ച് ഏഴ്, എട്ട് തീയതികളിൽ ആർ.എൽ.വി. കോളേജിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ./39/371/2019)

**പരീക്ഷ ഫലം**

2018 ജൂണിൽ നടന്ന രണ്ടാം സെമസ്റ്റർ എം.എസ്‌സി. സ്റ്റാറ്റിസ്റ്റിക്സ് (അപ്ലൈഡ് - റഗുലർ/സപ്ലിമെന്ററി/ബെറ്റർമെന്റ്), അപ്ലൈഡ് സ്റ്റാറ്റിസ്റ്റിക്സ് വിത്ത് കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് (സപ്ലിമെന്ററി) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് 11 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/372/2019)

2018 മെയിൽ നടന്ന രണ്ടാം സെമസ്റ്റർ ബി.ബി.എ., ബി.സി.എ., ബി.ബി.എം., ബി.എസ്.ഡബ്ല്യു., ബി.ടി.എസ്., ബി.എഫ്.ടി. പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് 12 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/373/2019)

2018 ജൂണിൽ നടന്ന രണ്ടാം സെമസ്റ്റർ എം.എസ്‌സി. സ്റ്റാറ്റിസ്റ്റിക്സ് (പി.ജി.സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് 11 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/374/2019)

2018 ജൂണിൽ നടന്ന രണ്ടാം സെമസ്റ്റർ പി.ജി.സി.എസ്.എസ്. എം.എസ്‌സി. സൈക്കോളജി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് 11 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/375/2019)

2018 ജൂണിൽ നടന്ന രണ്ടാം സെമസ്റ്റർ എം.എസ്‌സി. ഓപ്പറേഷൻസ് റിസർച്ച് ആന്റ് കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് (റഗുലർ, സപ്ലിമെന്ററി, ബെറ്റർമെന്റ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് 11 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/376/2019)

2018 ജൂണിൽ നടന്ന രണ്ടാം സെമസ്റ്റർ എം.എസ്‌സി. എൻവയോൺമെന്റ് സയൻസ് ആന്റ് മാനേജ്മെന്റ് (റഗുലർ, ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് 11 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/377/2019)

2018 മെയിൽ നടന്ന നാലാം സെമസ്റ്റർ എം.എസ്‌സി. ഫൈറ്റോ മെഡിക്കൽ സയൻസ് ആന്റ് ടെക്നോളജി (റഗുലർ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് 11 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/378/2019)

2018 ജൂണിൽ നടന്ന രണ്ടാം സെമസ്റ്റർ എം.എസ്‌സി. ഫുഡ് ടെക്നോളജി ആന്റ് ക്വാളിറ്റി അഷ്വറൻസ് (പി.ജി. - സി.എസ്.എസ്. - റഗുലർ, സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് 11 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/379/2019)

2018 ജൂണിൽ നടന്ന രണ്ടാം സെമസ്റ്റർ എം.എ. ആനിമേഷൻ, സിനിമ ആന്റ് ടെലിവിഷൻ, ഗ്രാഫിക് ഡിസൈൻ, മൾട്ടിമീഡിയ (റഗുലർ, ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് 11 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/380/2019)

2018 നവംബറിൽ നടന്ന രണ്ടാം സെമസ്റ്റർ മാസ്റ്റർ ഓഫ് സയൻസ് മെഡിക്കൽ ബയോകെമിസ്ട്രി (നോൺ സി.എസ്.എസ്. - റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് മാർച്ച് 11 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/381/2019)

2018 ഏപ്രിൽ/മെയ് മാസങ്ങളിൽ നടന്ന ഒന്നു മുതൽ ആറുവരെ സെമസ്റ്റർ എം.സി.എ. ഓഫ് കാമ്പസ് (സപ്ലിമെന്ററി/മേഴ്സി ചാൻസ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് 12 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/382/2019)

### എം.എച്ച്.എ. അന്തിമ റാങ്ക് പട്ടിക പ്രസിദ്ധീകരിച്ചു

2018 ഒക്ടോബറിൽ നടന്ന നാല്, അവസാന സെമസ്റ്റർ എം.എച്ച്.എ. പരീക്ഷയുടെ അന്തിമ റാങ്ക് പട്ടിക പ്രസിദ്ധീകരിച്ചു. ഗാന്ധിനഗർ എസ്.എം.ഇ.യിലെ എൻ. ശാന്തിനി ദാസ്, റോസലീമ ജോസഫ്, ബ്ലെസ്സെന മേരി വർഗീസ് എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും റാങ്കുകൾ നേടി.

(പി.ആർ.ഒ./39/383/2019)

## എം.ജി.യിൽ റഗുലർ ബിരുദ പരീക്ഷഫലത്തിനൊപ്പം പ്രൈവറ്റ് ഫലവും പ്രഖ്യാപിക്കും

മഹാത്മാ ഗാന്ധി സർവകലാശാലയിൽ റഗുലർ നാല്, ആറ് സെമസ്റ്റർ ബിരുദ പരീക്ഷകളുടെ ഫലം പ്രഖ്യാപിക്കുന്നതിനൊപ്പം പ്രൈവറ്റ് ബിരുദ പരീക്ഷകളുടെയും ഫലം പ്രഖ്യാപിക്കാൻ നടപടികളായി. സിൻഡിക്കേറ്റംഗം ഡോ. ആർ. പ്രഗാഷിന്റെ അധ്യക്ഷതയിൽ സെനറ്റ് ഹാളിൽ നടന്ന നാല്, ആറ് സെമസ്റ്റർ ബിരുദ പരീക്ഷ ബോർഡ് ചെയർമാന്മാരുടെ യോഗത്തിലാണ് ഇക്കാര്യം അറിയിച്ചത്. പ്രൈവറ്റ് രജിസ്ട്രേഷനിലൂടെ പരീക്ഷയെഴുതുന്നവരുടെ 90,000 ഉത്തരക്കടലാസുകളാണ് സർവകലാശാല മൂല്യനിർണയം ചെയ്യുന്നത്.

റഗുലർ പരീക്ഷകളുടെ മൂല്യനിർണയത്തിന് സമാന്തരമായി പ്രൈവറ്റ് പരീക്ഷകളുടെയും മൂല്യനിർണയം നടത്തും. മുമ്പ് റഗുലർ ഫലം വന്നതിനുശേഷമായിരുന്നു പ്രൈവറ്റ് പരീക്ഷഫലം പ്രസിദ്ധീകരിച്ചിരുന്നത്. പ്രൈവറ്റ് വിദ്യാർഥികൾക്കും കൂടുതൽ ഉന്നത വിദ്യാഭ്യാസ സാധ്യതകൾ ലഭിക്കുന്നതിനുവേണ്ടിയാണ് നടപടിയെന്ന് ഡോ. ആർ. പ്രഗാഷ് പറഞ്ഞു.

നാല്, ആറ് സെമസ്റ്റർ പരീക്ഷകൾ സമയബന്ധിതമായി നടത്തുന്നതിനുള്ള നിർദ്ദേശങ്ങൾ പരീക്ഷ ബോർഡ് ചെയർമാന്മാർക്ക് നൽകി. യോഗത്തിൽ സിൻഡിക്കേറ്റംഗം ഡോ. എ. ജോസ്, ഡെപ്യൂട്ടി രജിസ്ട്രാർ ഗിരീഷ് സെബാസ്റ്റ്യൻ, പരീക്ഷ ബോർഡ് ചെയർമാന്മാർ എന്നിവർ സംസാരിച്ചു.

(പി.ആർ.ഒ./39/384/2019)

## എം.ജി.യിൽ ശാസ്ത്ര ദിനാഘോഷം ഇന്ന് (ഫെബ്രുവരി 26); ധ്രുവങ്ങളുടെ വിശേഷങ്ങളറിയാം

ദേശീയ ശാസ്ത്രദിനത്തോടനുബന്ധിച്ച് മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് എൻവയോൺമെന്റൽ സയൻസസിന്റെ ആഭിമുഖ്യത്തിൽ 'ധ്രുവം മുതൽ ധ്രുവം വരെ' എന്ന പേരിൽ ഇന്ന് (ഫെബ്രുവരി 26) ശാസ്ത്ര ദിനാഘോഷം സംഘടിപ്പിക്കും. കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ സഹകരണത്തോടെയാണ് പരിപാടി സംഘടിപ്പിക്കുന്നത്.

രാവിലെ 9.30ന് കോളേജ്/സർവകലാശാല വിദ്യാർഥികൾക്കായി സയൻസ് ക്വിസ് നടത്തും. 11.15ന് അന്റാർട്ടിക്കയിലെ ഇന്ത്യൻ ശാസ്ത്ര പര്യവേഷണത്തിൽ അംഗമായിരുന്ന കൊച്ചിൻ സർവകലാശാല

സ്കൂൾ ഓഫ് മറൈൻ സയൻസസിലെ അസോസിയേറ്റ് പ്രൊഫസറും ശാസ്ത്രജ്ഞനുമായ ഡോ. പി.എസ്. സുനിൽ മുഖ്യ പ്രഭാഷണം നടത്തും.

എൻവയോൺമെന്റൽ സയൻസസിലെ ലാബുകൾ സന്ദർശിക്കുന്നതിനായി 1.30 മുതൽ വിദ്യാർഥികൾക്കായി ലാബ് ടൂർ എന്ന പരിപാടിയും ഇതോടനുബന്ധിച്ച് നടത്തും. 1928ൽ സി.വി. രാമന്റെ 'രാമൻ ഇഫക്ട്' കണ്ടെത്തിയതിന്റെ ഓർമ്മയ്ക്കായാണ് ഫെബ്രുവരി 28ന് എല്ലാ വർഷവും ദേശീയ ശാസ്ത്രദിനം ആഘോഷിക്കുന്നത്.

(പി.ആർ.ഒ./39/385/2019)

**ഇന്ത്യ-യു.കെ. കോൺഫറൻസിന് തുടക്കം**

## ആന്റിബയോട്ടിക് പ്രതിരോധം ശക്തം; പുനചംക്രമണ ആന്റിബയോട്ടിക്കുകൾ ചികിത്സയ്ക്ക് ഉപയോഗിക്കണം

ആന്റിബയോട്ടിക്കുകൾക്കെതിരായ പ്രതിരോധം ശക്തിപ്പെടുന്ന സാഹചര്യത്തിൽ പണ്ട് ഉപയോഗിച്ചിരുന്ന ആന്റിബയോട്ടിക്കുകളും പുതിയവയും ചേർത്തുള്ള പുനചംക്രമണ ആന്റിബയോട്ടിക്കുകൾ ചികിത്സയ്ക്കായി ഉപയോഗിക്കണമെന്ന് ലണ്ടൻ ബാർട്സ് ഹെൽത്ത് ആന്റ് ക്വീൻ മേരി സർവകലാശാലയിലെ ഡോ. ഡേവിഡ് വെയർഹാം പറഞ്ഞു.

തലപ്പാടി ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ബയോമെഡിക്കൽ റിസർച്ച് ആന്റ് സൂപ്പർ സ്പെഷാലിറ്റി ഹോസ്പിറ്റൽ (ഐ.യു.സി.ബി.ആർ. ആന്റ് എസ്.എസ്.എച്ച്.) നിലവിലുള്ളതും പുതിയതുമായ സാംക്രമിക രോഗങ്ങളെക്കുറിച്ച് സംഘടിപ്പിച്ച ഇന്ത്യ-യു.കെ. കോൺഫറൻസിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. എണ്ണം കുറവായതിനാൽ ചികിത്സയ്ക്ക് ഉചിതമായ ആന്റിബയോട്ടിക് തിരഞ്ഞെടുക്കാൻ ബുദ്ധിമുട്ട് നേരിടുന്നു.

ആന്റി ബയോട്ടിക് പ്രതിരോധം പഠിക്കാൻ വലിയ സൗകര്യങ്ങളുള്ള പ്രത്യേക പഠനകേന്ദ്രം വേണം. ഇന്ത്യയിൽ ഇത്തരത്തിലുള്ള പഠനകേന്ദ്രങ്ങൾ കുറവാണ്. സാംക്രമിക രോഗങ്ങൾക്ക് അതിവേഗ രോഗനിർണയ സംവിധാനങ്ങളും ആവശ്യമുണ്ടെന്ന് അദ്ദേഹം പറഞ്ഞു. ആരോഗ്യ സർവകലാശാല വൈസ് ചാൻസലർ പ്രൊഫ. എം.കെ.സി. നായർ കോൺഫറൻസ് ഉദ്ഘാടനം ചെയ്തു. ഐ.യു.സി.ബി.ആർ. ആന്റ് എസ്.എസ്.എച്ച്. ഡയറക്ടർ ഡോ. കെ.പി. മോഹൻകുമാർ അധ്യക്ഷത വഹിച്ചു. ഡോ. ബെന്നി ചെറിയാൻ, ഡോ. ഹരികുമാർ നായർ എന്നിവർ പ്രസംഗിച്ചു. പ്രൊഫ. ടി. രാമമൂർത്തി, ഡോ. അംഗർ മുത്രജ, ഡോ. സാബു തോമസ്, ഡോ. സഞ്ജയ്പ്പാൽ, പ്രൊഫ. ദിലീപ് മത്തായി, പ്രൊഫ. ആർ. സജിത്കുമാർ, ഡോ. തിമോത്തി ബ്രൂക്സ്, ഡോ. ആൻഡ്രു ജെ. സിംപ്സൺ, ഡോ. ദേബാഷിഷ് മിത്ര, ഡോ. കൃഷ്ണൻ എച്ച്. ഹർഷൻ, ഡോ. ജോൺ ആന്റണി ജൂഡ് എന്നിവർ വിവിധ വിഷയങ്ങളിൽ പ്രബന്ധം അവതരിപ്പിച്ചു.

ഇന്ന് (ഫെബ്രുവരി 26) ഡോ. തിമോത്തി ബ്രൂക്സ്, ഡോ. പി. വിജയാചാരി, ഡോ. സ്റ്റാലിൻ രാജ്, ഡോ. ഇ. ശ്രീകുമാർ, ഡോ. രാജേന്ദ്ര പിലാങ്കട്ട, പ്രൊഫ. ശോഭ കുര്യൻ എന്നിവർ വിവിധ വിഷയങ്ങളിൽ പ്രബന്ധം അവതരിപ്പിക്കും. യുവനിരീക്ഷകരുടെ അവതരണങ്ങളും നടക്കും.

### ഫോട്ടോ ക്യാപ്ഷൻ

**തലപ്പാടി ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ബയോമെഡിക്കൽ റിസർച്ച് ആന്റ് സൂപ്പർ സ്പെഷാലിറ്റി ഹോസ്പിറ്റൽ നിലവിലുള്ളതും പുതിയതുമായ സാംക്രമിക രോഗങ്ങളെക്കുറിച്ച് സംഘടിപ്പിച്ച ഇന്ത്യ-യു.കെ. കോൺഫറൻസ് ആരോഗ്യ സർവകലാശാല വൈസ് ചാൻസലർ ഡോ. എം.കെ.സി. നായർ ഉദ്ഘാടനം ചെയ്യുന്നു**

**തലപ്പാടി ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ബയോമെഡിക്കൽ റിസർച്ച് ആന്റ് സൂപ്പർ സ്പെഷാലിറ്റി ഹോസ്പിറ്റൽ നിലവിലുള്ളതും പുതിയതുമായ സാംക്രമിക രോഗങ്ങളെക്കുറിച്ച് സംഘടിപ്പിച്ച ഇന്ത്യ-യു.കെ. കോൺഫറൻസിൽ ലണ്ടൻ ബാർട്സ് ഹെൽത്ത് ആന്റ് ക്വീൻ മേരി സർവകലാശാലയിലെ ഡോ. ഡേവിഡ് വെയർഹാം പ്രഭാഷണം നടത്തുന്നു**

(പി.ആർ.ഒ./39/386/2019)

**രാജ്യാന്തര നാനോ മെറ്റീരിയൽസ്**

**കോൺഫറൻസ്; സംഗ്രഹം നൽകാം**

മഹാത്മാഗാന്ധി സർവകലാശാലയിൽ ഏപ്രിൽ 12 മുതൽ 16 വരെ നടക്കുന്ന നാലാമത് രാജ്യാന്തര നാനോ മെറ്റീരിയൽസ് കോൺഫറൻസിൽ പ്രഭാഷണം നടത്തുന്നതിന് സംഗ്രഹങ്ങൾ ഫെബ്രുവരി 28 വരെ സമർപ്പിക്കാം. nanomaterials@macromol.in എന്ന ഇമെയിൽ വിലാസത്തിലേക്ക് വേഡ് ഫോർമാറ്റിലാണ് ഒരു പേജ് വരുന്ന സംഗ്രഹം അയയ്ക്കേണ്ടത്. വിശദവിവരത്തിന് https://macromol.in/ICN-2019/index.html എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

(പി.ആർ.ഒ./39/387/2019)

**കേരള പഠന കോൺഗ്രസ് 27ന് എം.ജി. സർവകലാശാലയിൽ**

മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആന്റ് ഡെവലപ്മെന്റ് സ്റ്റഡീസിന്റെ ആഭിമുഖ്യത്തിൽ നടക്കുന്ന കേരള പഠന കോൺഫറൻസ് ഫെബ്രുവരി 27ന് നടക്കും. രാവിലെ 9.30ന് വൈസ് ചാൻസലർ ഡോ. സാബു തോമസ് ഉദ്ഘാടനം നിർവഹിക്കും.

അധിനിവേശാനന്തര കേരള നിർമ്മിതി, ആധുനികതയും നവോത്ഥാനവും, സാമുദായികവും ഉപസാംസ്കാരികവുമായ ഇടങ്ങൾ, രാഷ്ട്രീയവും പൊതുസമൂഹവും, പരിസ്ഥിതിയും വികസന പ്രശ്നങ്ങളും, പങ്കാളിത്ത ഭരണം, മാറിവരുന്ന ലിംഗ സംവാദങ്ങൾ, പ്രവാസി മലയാളികൾ, നവ സാമൂഹിക പ്രസ്ഥാനങ്ങൾ, പ്രളയാനന്തര കേരള നിർമ്മിതി തുടങ്ങിയ വിഷയങ്ങളിൽ വിദഗ്ധർ പ്രഭാഷണങ്ങൾ നടത്തും.

പ്രൊഫ. എ.കെ. രാമകൃഷ്ണൻ, പ്രൊഫ. ഉദയകുമാർ, പ്രൊഫ. കെ.എം. സീതി, പ്രൊഫ. സനൽ മോഹൻ, പ്രൊഫ കെ.എസ്. മാത്യു, പ്രൊഫ. എം.പി. മത്തായി, ഡോ. സി.എസ്. വെങ്കിടേശ്വരൻ, കെ.കെ. കൊച്ച്, അമൃതലാൽ, സണ്ണി കപിക്കാട്, ബെന്നി കുര്യാക്കോസ്, ഡോ. കെ.എം. ഷീബ, പ്രൊഫ. ജോസഫ് കോയിപ്പള്ളി, ഡോ. മാത്യു ജോസഫ്, ഡോ. മാത്യു ജോസഫ്, ഡോ. ബിനിത തമ്പി, ഡോ. ടി. മുരളീധരൻ, മിനി സുകുമാർ, ഡോ. അമൃത് ജി. കുമാർ, ഫാ. ഡോ. കെ.എം. ജോർജ് എന്നിവർ പങ്കെടുക്കും. പഠന കോൺഫറൻസിനോടനുബന്ധിച്ച് കെ.ആർ. മനോജ് സംവിധാനം ചെയ്ത കേസരി ബാലകൃഷ്ണപിള്ളയെക്കുറിച്ചുള്ള 'കേസരി' എന്ന ഡോക്യുമെന്ററി പ്രദർശനവും നടക്കും.

(പി.ആർ.ഒ./39/388/2019)

**എ. അരുൺ കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ